ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 17.11.2024**

## പ്രധാനവാർത്തകൾ

1. തീവ്രവാദം, കടൽക്കൊള്ള എന്നിവ നേരിടുന്നതിൽ ഇന്ത്യയും നൈജീരിയയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സംസ്ഥാനത്ത് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് പരസ്യപ്രചാരണത്തിൻറെ അവസാന ഘട്ടം ഊർജ്ജിതമാക്കി മുന്നണികൾ.

3. ആലപ്പുഴയിൽ നടക്കുന്ന സ്കൂൾ ശാസ്ത്രമേളയുടെ സമാപന സമ്മേളനം നാളെ മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും; മേളയിൽ മലപ്പുറം മുന്നിൽ.

4. വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുകയാണ് സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരണത്തിൻറെ ലക്ഷ്യമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

5. തീർത്ഥാടകർക്ക് അടിയന്തര വൈദ്യ സഹായം ഒരുക്കാൻ ശബരിമല പാതയിൽ കനിവ് 108ൻറെ ദ്രുതകർമ്മ മെഡിക്കൽ യൂണിറ്റുകൾ കൂടി വിന്യസിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

************************************

## പ്രധാനമന്ത്രി - ഇൻട്രോ

ഔദ്യോഗിക സന്ദർശനത്തിനായി നൈജീരിയയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി, പ്രസിഡൻറ് ബോല അഹ്മെദ് തിനുബുവുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപരമായ പങ്കാളിത്തവും, ഉഭയകക്ഷി സഹകരണ സാധ്യതകളും യോഗം വിലയിരുത്തി. തീവ്രവാദം, കടൽക്കൊള്ള എന്നിവ നേരിടുന്നതിൽ ഇന്ത്യയും നൈജീരിയയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. പ്രതിരോധം, ഊർജം, സാങ്കേതികവിദ്യ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ യോജിച്ച് പ്രവർത്തിയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

പ്രധാനമന്ത്രിക്ക് നൈജീരിയൻ പ്രസിഡൻറ്, " ഗ്രാൻഡ് കമാണ്ടർ ഓഫ് ദി ഓർഡർ ഓഫ് ദി നൈജർ" പുരസ്കാരം സമ്മാനിച്ചു. രണ്ടു ദിവസത്തെ G20 ഉച്ചകോടിയിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നാളെ ബ്രസീലിയൻ നഗരമായ റിയോ ഡി ജെനീറോയിലേക്ക് തിരിക്കും.

RNU TVPM

*************************************

## ഡൽഹി മന്ത്രി- രാജി

ഡൽഹി മന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ കൈലാഷ് ഗെഹ്ലോട്ട് പാർട്ടിയിൽ നിന്ന് രാജി വച്ചു. രാഷ്ട്രീയ ലക്ഷ്യങ്ങൾ, പാർട്ടിയുടെ ജനങ്ങളോടുള്ള പ്രതിബദ്ധതയ്ക്ക് വിലങ്ങുതടിയായതായി ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്രിവാളിന് സമർപ്പിച്ച രാജിക്കത്തിൽ അദ്ദേഹം ആരോപിച്ചു.

*************************************

## ഝാർഖണ്ഡ് - മഹാരാഷ്ട്ര

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിലും മഹാരാഷ്ട്രയിലും പ്രചാരണം ഊർജിതം. ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ ഇന്ന് വിവിധ റാലികളെ അഭിസംബോധന ചെയ്യും. ജാർഖണ്ഡ് മുക്തി മോർച്ച നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ, കോൺഗ്രസ് - ആർജെഡി നേതാക്കൾ എന്നിവരും പ്രചാരണ രംഗത്ത് സജീവമാണ്. ഒറ്റഘട്ടമായി തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന ഝാർഖണ്ഡിലും പരസ്യപ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. ഈ മാസം 20 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

**************************************

RIJU TVPM

## പാലക്കാട് - ഇൻട്രോ

സംസ്ഥാനത്ത് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിൽ പരസ്യപ്രചാരണത്തിൻറെ അവസാന ഘട്ടം ഊർജ്ജിതമാക്കി മുന്നണികളും സ്ഥാനാർഥികളും. ബുധനാഴ്ചയാണ് പാലക്കാട് വോട്ടെടുപ്പ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

**************************************

## സർവീസ് ജീവനക്കാർ - വോട്ട്

പാലക്കാട് നിയമസഭ ഉപതെരഞ്ഞെടുപ്പിൽ സർവീസ് ജീവനക്കാർക്കുള്ള വോട്ടിങ് നാളെ അവസാനിക്കും.

പാലക്കാട് ആർ.ഡി.ഒ ക്വാർട്ടേഴ്സിലാണ് വോട്ടിങ് നടക്കുന്നത്. നേരത്തെ അനുമതി ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കാണ് സമ്മതിദാനാവകാശം വിനിയോഗിക്കാൻ അവസരം.

************************************

## ശാസ്ത്രോത്സവം - ആലപ്പുഴ

ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രമേള നാളെ സമാപിക്കും. മലപ്പുറം ജില്ലയാണ് നിലവിൽ മുന്നിൽ. കണ്ണൂർ രണ്ടാമതും തൃശ്ശൂർ മൂന്നാം സ്ഥാനത്തുമുണ്ട്. നാളെ വൈകിട്ട് നടക്കുന്ന സമാപനസമ്മേളനം മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ വി ശിവൻകുട്ടി, സജി ചെറിയാൻ, പി പ്രസാദ് എന്നിവർ പങ്കെടുക്കും.

************************************

## പാഠ്യപദ്ധതി പരിഷ്കരണം

വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താനാണ് കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരിക്കാൻ സർക്കാർ തീരുമാനിച്ചതെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻ കുട്ടി. പാഠപുസ്തകങ്ങൾ വ്യാപകമായി ഉപയോഗിക്കുമ്പോഴാണ് പ്രശ്നങ്ങളും സാധ്യതകളും തിരിച്ചറിയുക. പാഠപുസ്തകം മെച്ചപ്പെടുത്തുന്നതിനെ എതിർക്കുന്നവർ കാര്യങ്ങൾ മനസ്സിലാക്കാത്തവരാണെന്നും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. വിഷയത്തിൽ അധ്യാപകരുടെ ക്രിയാത്മക നിർദ്ദേശങ്ങൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

************************************

RNU TVPM

## ശബരിമല - വീണാ ജോർജ്

തീർത്ഥാടകർക്ക് അടിയന്തര വൈദ്യ സഹായം ഒരുക്കാൻ ശബരിമല പാതയിൽ കനിവ് 108 ൻറെ ദ്രുതകർമ്മ മെഡിക്കൽ യൂണിറ്റുകൾ കൂടി വിന്യസിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. 108 എന്ന ടോൾ ഫ്രീ നമ്പറിൽ സേവനം ലഭ്യമാകും. അടിയന്തര വൈദ്യ സഹായത്തിന് 047 35 20 32 32 എന്ന നമ്പരിലും വിളിക്കാവുന്നതാണ്. പമ്പ മുതൽ സന്നിധാനം വരെയും കാനനപാതയിലുമായി ആകെ 19 അടിയന്തര ആരോഗ്യ കേന്ദ്രങ്ങൾ, ഓക്സിജൻ പാർലറുകൾ എന്നിവയും സജ്ജമാക്കിയതായി മന്ത്രി അറിയിച്ചു.

***********************************

## ശബരിമല - ഇൻട്രോ

RJUTVPM

തീർത്ഥാടകരുടെ സുഗമമായ ദർശനം സാധ്യമാക്കുന്നതിൽ ശബരിമലയിലെ പുതിയ ക്രമീകരണങ്ങൾ സഹായകരമായെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത്. 18-ാം പടിയിൽ നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി സമയം കുറയ്ക്കാനുള്ള തീരുമാനം ഏറെ വിജയകരമായെന്നും അദ്ദേഹം പറഞ്ഞു. പോലീസിന്റെ മേൽനോട്ട ചുമതലയുള്ള എ.ഡി.ജി.പി. എസ് ശ്രീജിത്തുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയ്സ്)

***********************************

## കൊച്ചി- കോൺക്ലേവ്

ആയുർവേദ വ്യവസായ രംഗത്തെ പ്രമുഖ കമ്പനികളും നിക്ഷേപകരും പങ്കെടുക്കുന്ന ആയുർവേദ വ്യവസായ മേഖലാതല സമ്മേളനം നാളെ കൊച്ചിയിൽ നടക്കും. മേഖലയിലെ ആഗോള വിപണിയിൽ കേരളത്തിൻറെ പ്രാധാന്യം വ്യക്തമാക്കുന്നതായിരിക്കും പരിപാടിയെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. ഹൈടെക് ഫാമിങ്ങ് ഉൾപ്പെടെയുള്ള നൂതന കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന കമ്പനികളുടെയും നിക്ഷേപകരുടെയും യോഗവും നാളെ കൊച്ചിയിൽ നടക്കും. അടുത്ത വർഷം ഫെബ്രുവരിയിൽ സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിക്ക് മുന്നോടിയായാണ് യോഗങ്ങൾ സംഘടിപ്പിക്കുന്നത്.

RNU TVPM

************************************

## പൈതൃക വാരാഘോഷം

ലോക പൈതൃക വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മറ്റന്നാൾ കണ്ണൂരിൽ നിർവഹിക്കും. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ മ്യൂസിയങ്ങളിൽ പൈതൃക വാരാഘോഷം സംഘടിപ്പിക്കും. ചൊവ്വ , ബുധൻ ദിവസങ്ങളിൽ കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ 100 വർഷം പഴക്കമുള്ള പാരമ്പര്യ പൈതൃക വസ്ത്രങ്ങളുടെ പ്രദർശനം നടക്കും. ഈ മാസം 25ന് വാരാഘോഷം സമാപിക്കും.

************************************

## മഴ

സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന്

അഞ്ചു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിരുന്നു. മോശം കാലാവസ്ഥ കണക്കിലെടുത്ത് ലക്ഷദ്വീപ് തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

***********************************

## എൻ.എസ് കൃഷ്ണമൂർത്തി അന്തരിച്ചു

പ്രമുഖ പ്രക്ഷേപകനും തിരുവനന്തപുരം ആകാശവാണി സ്റ്റേഷൻ ഡയറക്ടറുമായിരുന്ന എൻ.എസ് കൃഷ്ണമൂർത്തി അന്തരിച്ചു. നിരവധി റേഡിയോ നിലയങ്ങളിൽ പ്രക്ഷേപകനായിരുന്നു. സംഗീതജ്ഞനും സംഗീതപണ്ഡിതനുമായിരുന്ന എൻ.എസ് കൃഷ്ണമൂർത്തി സാഹിത്യരംഗത്തും സജീവമായിരുന്നു.

RNU TVPM

***********************************

## ലക്ഷദ്വീപ് സന്ദർശനം

കേന്ദ്ര ആഭ്യന്തര മന്ത്രാലയ സെക്രട്ടറി ഗോവിന്ദ് മോഹൻ ഔദ്യോഗിക സന്ദർശനത്തിനായി ലക്ഷദ്വീപിലെത്തി. ആഭ്യന്തര മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഉന്നത തല സംഘവും അദ്ദേഹത്തോടൊപ്പം കവരത്തി ദ്വീപിലെത്തി. സൗരോർജ്ജ പ്ലാൻറ്, ഡീസാലിനേഷൻ പ്ലാൻറ്, ആശുപത്രി നിർമ്മാണം എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര വികസന പദ്ധതി പ്രദേശങ്ങൾ സംഘം സന്ദർശിക്കും.

***********************************

## കുറുവ-അറസ്റ്റ്

ആലപ്പുഴയിലെ വിവിധ സ്ഥലങ്ങളിൽ ആയുധങ്ങളുമായി വന്ന് മോഷണം നടത്തിയ കുറുവാ സംഘത്തിനായി പോലീസ് അന്വേഷണം ശക്തമാക്കി. ഇന്നലെ മണ്ണഞ്ചേരി

പോലീസ് പിടികൂടിയ തമിഴ്നാട് സ്വദേശി സന്തോഷ് സെൽവത്തിൽ നിന്നും നിർണായക വിവരങ്ങൾ ലഭിച്ചതായി പോലീസ് അറിയിച്ചു. ഇയാൾക്കെതിരെ കേരളത്തിലും തമിഴ്നാട്ടിലുമായി മുപ്പതോളം കേസുകൾ നിലവിലുണ്ട്. 13 അംഗ സംഘത്തിലെ മറ്റുള്ളവർക്കായി തിരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.

*******************************************************

************************************

**********************

RNU TVPM